**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 650** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം വ്യവസായ ഇടനാഴി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വിഴിഞ്ഞം വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി വ്യവസായ പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ നിയന്ത്രണത്തിൽ പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കിൻഫ്ര അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് കാട്ടാക്കട താലൂക്കിൽ മണ്ണൂർകര വില്ലേജിൽ 50 ഏക്കർ ഭൂമി കിഫ്ബി ഫണ്ട് വിനിയോഗിച്ച് വാങ്ങുന്നതിന് കിൻഫ്രയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി. ഇടനാഴി സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കണ്ടെത്തിയ ഭൂമി വിഴിഞ്ഞം വ്യവസായ ഇടനാഴി പദ്ധതിയ്ക്ക് ഉപയുക്തമാക്കുന്നത് സംബന്ധിച്ച് ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ് പരിശോധിച്ചു വരുന്നു. |
| (ബി) | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും നിബന്ധനകളും എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ, 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013)-ലെ നടപടിക്രമങ്ങൾ പാലിച്ചും ഭൂമി വാങ്ങൽ നടപടികൾ 31-12-2024-ലെ REV-B2/183/2023-REV നമ്പർ സർക്കുലറിലെ നടപടിക്രമങ്ങൾ പാലിച്ചുമാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ